ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

വിൽപനനികുതി ആക്ട് മൂന്നാം വകുപ്പനുസരിച്ചു പുകയിലയും പുകയില കൊണ്ടു് ഉണ്ടാക്കപ്പെട്ടന്ന സാധനങ്ങളും വിൽപനനികുതിക്കു വിധേയമാണ്. ടി സാധനങ്ങൾ കച്ചവടം ചെയ്യുന്നവർ അവരുടെ ഒരാണ്ടത്തെ മൊത്തം വിൽപനത്തുകയിൽ രൂപാക്കു് മുന്ന പൈസാവീതം വിൽപനനികുതി കൊടുക്കേണ്ടതാണു്. ഒരു കച്ചവടക്കാരന്റെ ഒരാണ്ടത്തെ മൊത്തം വിൽപനത്തുക പതിനായിരം രൂപയിൽ കുറയുന്നപക്ഷം ആയാണ്ടത്തേക്കു അയാൾ വിൽപനനികുതി കൊടുക്കേണ്ടയാവശ്യമില്ല.

എറണാകുളം ആലുവാലൈൻ

* ൭ ൈ. (൪൫) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

എറണാകുളം ആലുവാബസ്സും സർവ്വീസിലേയ്ക്കു് എടുക്കുവാൻ ആലോചനയുണ്ടോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ൪. ജാൺ ഫിലിപ്പോസ്):

ഏറെറടുക്കുവാൻ തല്ക്കാലം ആലോചിച്ചിട്ടില്ല.

ഗ്രാൻറ് ലോൺ

* ൭ ൭ ൪. (൪ ഫ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അപ്പലിഫ്റ്റ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽചേന്ന കങ്ങഴ ടി ജെയരോഡതടേയിഡിംഗ് കമ്പനി പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു ലോൺഗ്രാൻറ് ആവശ്യപ്പെട്ട മെമ്മൊറിയൽ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മെമ്മോറിയൽ സംബന്ധിച്ചു് എന്തു നടപടികൾ കൈക്കൊണ്ടു?

വ്യവസായവും എക്സൈസും പ്രദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഇല്ല.

(ബി) എ. ഉപചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഇതു് ഉദിക്കുന്നില്ല.

ഹരിജൻ കിളനി

൭ ൭ ൫. (൪ ഡ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അപ്പലിഫ്ട് വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ.—

(എ) ചങ്ങനാശ്ശേരിതാലൂക്കിൽ എരുമേലി പകുതിയിൽ എരുമേലിടൗണിനു സമീപം ഹരിജനങ്ങൾക്കുവേണ്ടി ഒരു കോളനി സ്ഥാപിച്ചു് സഹായിക്കുന്നതിനുള്ള നിവേദനവും ഹർജിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിലും ഹർജിയിലും എന്തു നടപടി കൈക്കൊണ്ടു?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഉണ്ട്.

(ബി) കാളനിസ്ഥാപനത്തിനു സ്ഥലസൗകര്യത്തെപ്പറ്റി വേണ്ട അന്വേഷണങ്ങളും നടത്തിവരുന്നു.

കണക്ക പരിശോധന

* ൭൯൩. (അനു) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എഫ്. എ. സി. ടി. കമ്പനിയിലെ കഴിഞ്ഞ കൊല്ലത്തെ കണക്ക് ഗവണ്മെൻറിൽനിന്നും പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആര പരിശോധിച്ചു;

(സി) കമ്പനി ഇപ്പോൾ ലാഭത്തിലാണോ നടക്കുന്നത്?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഇല്ല.

(ബി) കമ്പനി ഓഡിറ്റർമാർ മാത്രമെ പരിശോധിച്ചിട്ടുള്ളൂ.

(സി) അതെ.

അലുമിനിയം കമ്പനി

* ൭൯൭. (അദ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡ്യൻ അലുമിനിയം കമ്പനി ഡയറക്ടർ ബോർഡിൽ ഗവണ്മെൻറ പ്രതിനിധിയുണ്ടോ;

(ബി) ആ കമ്പനികൾ ഇപ്പോൾ ലാഭത്തിലാണോ നടക്കുന്നത്?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഉണ്ട്.

(ബി) അതേ.

ധനസഹായം

* ൭൯൮. (അഉ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ മാർച്ചുമാസത്തിനുശേഷം ഈ സംസ്ഥാനത്തു ഏതെങ്കിലും കമ്പനികൾക്ക് ധനസഹായം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികൾക്ക്?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഉണ്ട്.

(ബി) ഒരു സ്റ്റേറ്റമെണ്ട് മേശപ്പുറത്തു വച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly